"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് - വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രോജക്റ്റ് 2024-25 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1419/2024/LSGD തീയതി,തിരുവനന്തപുരം, 02-08-2024

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ) നം.424/2024/LSGD; തീയതി 22.02.2024
3. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 29.02.2024-ലെ 5(1)-ാം നമ്പർ തീരുമാനവും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 17.04.2024ലെ സി.521/2024 നമ്പർ കത്തും
4. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 23.05.2024ലെ സി.524/2024 നമ്പർ കത്ത്
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.07.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 4.7

**ഉത്തരവ്**

വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്ന രീതിയിൽ പ്രോജക്റ്റ് എടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ളത്. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസ് ആവശ്യമുള്ള രോഗികൾക്ക് 2022-23 -ൽ ധനസഹായം നൽകാൻ നേരിട്ട് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയതിന്, ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുണ്ട് എന്നതു പരിഗണിച്ച്, 22.01.2024-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ സാധൂകരണം നൽകിയും, 2023-24-ൽ മേൽ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകിയും പരാമർശം 2 പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. എന്നാൽ വരും വർഷങ്ങളിൽ മാർഗ്ഗരേഖ നിഷ്കർഷിക്കും പ്രകാരം ഗ്രാമ പഞ്ചായത്തുകൾ മുഖേന ടി പദ്ധതി നടപ്പിലാക്കണമെന്നാണ് പരാമർശം 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നത്. 2024-25 വർഷത്തിൽ ഈ പദ്ധതി ഏറ്റെടുക്കാൻ ജില്ലാ ആസൂത്രണ സമിതി ബ്ലോക്ക് പഞ്ചായത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയതും 2023-24 വർഷത്തിൽ തുടർന്ന് കൊണ്ടുപോയതുമായ വൃക്ക രോഗികൾക്ക് ഡയാലിസിസ് ചികിത്സാ ധനസഹായം

നൽകൽ എന്ന പദ്ധതി, ബ്ലോക്ക് പഞ്ചായത്തിലെ രണ്ട് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ സേവനം കൂടി പദ്ധതി നിർവ്വഹണത്തിൽ പ്രയോജനപ്പെടുത്തി ഏകോപനം കാര്യക്ഷമമാക്കാം എന്നതിനാൽ, ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് തുടർ വർഷങ്ങളിൽ കൂടി നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി പരാമർശം 3, 4 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ഡയാലിസിസ് ചെയ്യാൻ സൗകര്യമുള്ളതിനാൽ ഈ പദ്ധതിയുടെ ഏകോപനം കുറച്ചുകൂടി കാര്യക്ഷമമാകും എന്നത് കൂടി പരിഗണിച്ച്, ഡയാലിസിസ് ആവശ്യമുള്ള രോഗികൾക്ക് ധനസഹായം നൽകുന്നതിന് 2024-25 വർഷവും നേരിട്ട് പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാൻ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു. ജില്ല/ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചാൽ ഇതുകൂടി ഉൾപ്പെടുത്തി വേണം ധനസഹായം നൽകേണ്ടത്. മാർഗ്ഗരേഖയിൽ പറയും പ്രകാരം ധനസഹായം ആശുപത്രിക്ക് നേരിട്ടാണ് നൽകുന്നതെന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, പാലക്കാട്
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്
5. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), പാലക്കാട്
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. ഡയറക്ടർ ജനറൽ, കില
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 05-08-2024 15:26:23
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്